**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5220 05.07.2012 ൽ മറുപടിയ്ക്ക്

## വാഹന രജിസ്ട്രേഷൻ കാലതാമസം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) ആർ.ടി. ഓഫീസുകളിൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ നടത്തി ആവശ്യമായ രേഖകൾ വാഹന ഉടമകൾക്ക് ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) പുതിയ വാഹനം രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട രേഖകൾ വാഹന ഉടമയ്ക്ക് ലഭിക്കുവാൻ എത്ര ദിവസമാണ് നിഷ്കർഷിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | മൂന്നു ദിവസം |
| (സി) രേഖകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ? | (സി) | കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായി, വാഹനം വിൽക്കുന്ന ഡീലർമാർക്ക് വാഹനങ്ങളുടെ വിശദാംശങ്ങൾ ഓൺ ലൈൻ ആയി ഓഫീസുകളിലേക്ക് അപ്‌ലോഡ് ചെയ്യുന്നതിനും , പ്രസ്തുത ഡേറ്റ ഓഫീസിൽ നേരിട്ട് ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിലും പുതിയ വാഹനത്തിന്റെ ടാക്സ്, ഫീസ്, സെസ് എന്നിവ ഓൺ ലൈനായി അടയ്ക്കുന്നതിനുള്ള ഇ-പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ തുടക്കം എന്ന നിലയ്ക്ക് തിരുവനന്തപുരം, കഴക്കൂട്ടം എന്നീ ഓഫീസുകളിൽ ഇ-പേയ്മെന്റ് സൗകര്യം വിജയകരമായി നടപ്പിലാക്കി വരുന്നു. പ്രസ്തുത സംവിധാനം മോട്ടോർ വാഹന വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും വ്യാപിപ്പിക്കുന്നതോടു കൂടി വാഹന ഉടമകൾക്കും ഡീലർമാർക്കും ഓഫീസിൽ നേരിട്ട് വരാതെ തന്നെ ടാക്സ്, ഫീസ് എന്നിവ അടയ്ക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ